50 വർഷത്തിലധികമായി കൈവശാനുഭവത്തിലുള്ള ഭൂമിക്ക് കരം ഒടുക്കുന്നതിനുള്ള അനുമതി

162(4793) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1950-ന് മുമ്പ് വിലയാധാരം വാങ്ങുകയും വീട് വച്ച് താമസിച്ചും കൃഷി ചെയ്തും വരുന്ന ഭൂമി റീ-സർവ്വെ പ്രകാരം ഇപ്പോൾ കരം ഒടുക്കാൻ കഴിയാതെ വന്നിട്ടുള്ള ഭൂവുടമകൾക്ക് കരം ഒടുക്കാൻ ഗവൺമെന്റ് അനുമതി നൽകുമോ; ഇതിനായി ഗവൺമെന്റ് പ്രത്യേക ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ അനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) വിലയാധാരം വാങ്ങിയ ഭൂമിയോടൊപ്പം പട്ടയം ലഭിച്ച ഭൂമിയും ഉള്ള ഭൂവുടമകൾക്ക് പിന്നീട് പട്ടയം റദ്ദായതിനൊപ്പം വിലയാധാരം വാങ്ങിയ ഭൂമിയുടെ പട്ടയവും റദ്ദായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എന്തെല്ലാമാണ്; ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഗവൺമെന്റിന്റെ സീറോ ലാൻഡ് ലെസ്സ് പദ്ധതിക്കായി ഇത്തരക്കാരുടെ ഭൂമി ഏറ്റെടുക്കാൻ ഉദ്യോഗസ്ഥർ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരക്കാരുടെ ഭൂമി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താതിരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) 50 വർഷത്തിലധികമായി വീട് വച്ചും കൃഷി ചെയ്തും കൈവശ അനുഭവത്തിലുള്ള ഇത്തരക്കാരുടെ ഭൂമി (50 സെന്റിൽ താഴെ ഉള്ളത്) കരം ഒടുക്കി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(എഫ്) കാൻസർ രോഗ ബാധിതരായിട്ടുള്ള ഇത്തരം ഭൂവുടമകൾക്ക് മുൻഗണന നൽകുമോ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly